## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7431** **17.7.2012-ൽ മറുപടിക്ക്**

### ലോ ഫ്ളോർ ബസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയനുസരിച്ച് സംസ്ഥാനത്ത് ഇതിനകം എത്ര എ.സി. നോൺ.എ.സി ലോ – ഫ്ളോർ ബസ്സുകളാണ് നിരത്തിലിറക്കിയത് എന്ന് വെളിപ്പെടുത്താമോ ; | എ) ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയനുസരിച്ച് നാളിതുവരെ ലഭിച്ച മൊത്തം 296 ലോ – ഫ്ളോർ ബസ്സുകളിൽ തിരുവനന്തപുരത്ത് 140 ബസുകളും (20 എ.സി, 120 നോൺ എസി) എറണാകുളത്ത് 156 (42 എ.സി, 114 നോൺ എസി) ബസുകളും കെ.എസ്.ആർ.ടി.സി നിരത്തിലിറക്കിയിട്ടുണ്ട്. |
| ബി) ലോ ഫ്ളോർ ബസ്സുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | ബി) പ്രവർത്തനം വിലയിരുത്തി വരുന്നു. |
| സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | സി) ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി പ്രകാരം സംസ്ഥാനത്ത് ലഭ്യമായ ലോ – ഫ്ളോർ ബസ്സുകളിൽ ആധുനിക സജ്ജീകരണങ്ങോടു കൂടിയ 20 എ.സി, 120 നോൺ എസി ബസ്സുകൾ തിരുവനന്തപുരത്തും, 42 എ.സി, 114 നോൺ എസി ബസുകൾ എറണാകുളം നഗരത്തിലുമായി വ്യത്യസ്തമായ റൂട്ടുകളിലൂടെ സർവ്വീസ് നടത്തി വരുന്നു. സർവീസ് നടത്തുന്നതിന് പ്രത്യേകം ട്രെയിനിംഗ് ലഭിച്ച ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളത്. യാത്രക്കാരുടെ സൗകര്യാർത്ഥം ടി ബസുകൾ കടന്നുപോകുന്ന പ്രധാന ജംഗ്ഷനുകളിൽ സമയവിവര പട്ടിക പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ ബഹുജനങ്ങളുടെയും സ്ഥിരം യാത്രക്കാരുടേയും അഭിപ്രായങ്ങൾ കണക്കിലെടുത്ത് ചില റൂട്ടുകളിൽ മാറ്റം വരുത്തി യാത്രക്കാരെ ആകർഷിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഡി) ലോ ഫ്ളോർ ബസ്സുകൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നത് ; പ്രസ്തുത ബസുകളുടെ ശരാശരി വരുമാനം എത്ര രൂപയാണ് ; | ഡി) പ്രസ്തുത ബസുകൾ സർവീസ് നടത്തുക വഴി കെ.എസ്.ആർ.ടി.സിക്ക് പ്രവർത്തന നഷ്ടം ഉണ്ടായിട്ടില്ല. എന്നാൽ നിലവിലുള്ള തേയ്മാന ചെലവുകൾ ഉൾപ്പെടെ രേഖപ്പെടുത്തി വരവ്-ചെലവ് |

കണക്കുകൾ തയ്യാറാക്കുമ്പോൾ പ്രസ്തുത ബസുകൾ സർവീസ് നടത്തുന്നതു വഴി കെ.എസ്.ആർ.ടി.സി -ക്ക് നഷ്ടം ഉണ്ടാകുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തെ തേയ്മാന ചെലവുകൾ ഒഴിവാക്കിയാൽ ജെ.എൻ.എൻ.യു.ആർ.എം. സർവീസുകളിൽ നിന്നും 33,05,245/- രൂപ പ്രവർത്തന ലാഭം ഉണ്ടായിട്ടുണ്ട്. മേയ് 2012 മാസത്തെ കണക്കനുസരിച്ച് ജെ.എൻ.എൻ. യു.ആർ.എം. പദ്ധതിയിൽ ഉൾപ്പെട്ട 62 എ.സി ലോ-ഫ്ളോർ ബസുകളിൽ നിന്ന് ശരാശരി പ്രതിദിന വരുമാനമായി 6,51,601/- രൂപയും, 234 നോൺ എ.സി ബസുകളിൽ നിന്നും ശരാശരി പ്രതിദിന വരുമാനമായി 14,07,219/- രൂപയും ലഭിക്കുന്നു.

ഇ) കൂടുതൽ ലോ ഫ്ളോർ ബസ്സുകൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

ഇ) ലോ - ഫ്ളോർ ബസ്സുകൾ ജെ.എൻ.എൻ. യു.ആർ.എം. പദ്ധതി പ്രകാരം സംസ്ഥാനത്ത് അനുവദിച്ചു നൽകിയിട്ടുള്ളതാണ്. തിരുവനന്തപുരം, എറണാകുളം നഗരങ്ങളിലായി അനുവദിച്ച 320 ലോ-ഫ്ളോർ ബസുകളിൽ 296 ബസുകൾ സർവീസ് നടത്തിക്കൊണ്ടിരിക്കുന്നു. കൂടാതെ, 6 ബസുകൾ ഉടൻ നിരത്തലിറക്കും. ഇനി ലഭ്യമാക്കാനുള്ള 18 ബസുകൾ അവ എത്തിച്ചേരുന്ന മുറയ്ക്ക് നിരത്തിലിറക്കുന്നതുമാണ്.

എഫ്) ലോ ഫ്ളോർ ബസുകൾ കുടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ;

എഫ്) ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി പ്രകാരം തിരുവനന്തപുരം, എറണാകുളം നഗരങ്ങൾക്കാണ് ബസുകൾ അനുവദിച്ചിട്ടുള്ളത്. എന്നാൽ കേരളത്തിന്റെ പ്രത്യേക സാഹചര്യവും, അടുത്തടുത്ത നഗരങ്ങളുടെ ജനസാന്ദ്രതയും കണക്കിലെടുത്ത് നിലവിലുള്ള പ്രധാന സർവീസുകൾ സമീപ ജില്ലാ ആസ്ഥാനങ്ങളിലേക്ക് കൂടി വ്യാപിപ്പിച്ചാൽ കൂടുതൽ വരുമാനം ലഭിക്കാൻ സാധ്യതയുണ്ട്. എന്നാൽ കേന്ദ്ര പദ്ധതി പ്രകാരം ലഭിച്ച ഈ ബസുകൾ മറ്റ് ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

ജി) സംസ്ഥാനത്തെ നഗരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ടൗൺ ടൂ ടൗൺ സർവ്വീസുകൾ ലോഫ്ളോർ ബസുകൾ ഉപയോഗിച്ച് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ജി) ടൗൺ ടൂ ടൗൺ സർവ്വീസുകൾ ലോഫ്ളോർ ബസുകൾ ഉപയോഗിച്ച് ആരംഭിക്കാൻ നിലവിലുള്ള സാഹചര്യത്തിൽ കഴിയില്ല.

സെക്ഷൻ ഓഫീസർ